പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2871 10.12.2014 ലെ മറുപടിയ്ക്ക്

## കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്

| ചോദ്യം<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. എം. ഹംസ<br>ശ്രീ.സാജു പോൾ<br>ശ്രീ.ബാബു എം. പാലിശ്ശേരി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച വിശദ വിവരങ്ങൾ നല്കാമോ ; കമ്പനി നിലവിൽ വന്നത് എന്നാണ്; | എ) & ബി) | കേരള വിനോദസഞ്ചാര വകുപ്പിന് കീഴിൽ വിനോദസഞ്ചാര രംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിനായി 1989 ആഗസ്റ്റ് മാസം 29ന് രൂപീകരിച്ച ടൂറിസ്റ്റ് റിസോർട്ട്സ് കേരള ലിമിറ്റഡ് ആണ് പുനർനാമകരണം ചെയ്ത് കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ആയിട്ടുള്ളത്. ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഇന്ത്യൻ ഹോട്ടൽ കമ്പനിയുമായി ചേർന്നുള്ള സംയുക്തസംരംഭമായ താജ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ലിമിറ്റഡ് വഴി കൊച്ചി, കുമരകം, വർക്കല എന്നീ സ്ഥലങ്ങളിൽ ഹോട്ടൽ സംരംഭങ്ങൾ നടത്തിവരുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ സരോവരം ബയോപാർക്ക് പദ്ധതി ആദ്യ ഘട്ടം, തളി പൈതൃക പദ്ധതി, എന്റെ നാട് നിക്ഷേപക സംഗമം, തലശ്ശേരിയിലെ ഓവർബറീസ് ഫോളി, സീ വ്യൂ പാർക്ക്, മുൻസിപ്പൽ പാർക്ക് എന്നിവയുടെ വികസനം, സപര്യ പദ്ധതി എന്നിവ കമ്പനി ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ള വിവിധ ടൂറിസം പദ്ധതികളാണ്. ജലമാർഗ്ഗമുള്ള വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 13.11.2014 ന് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ് / വാട്ടർ ടാക്സി ബോട്ട് സർവ്വീസുകൾ കെ.ടി.ഐ.എൽ വഴി നടപ്പിലാക്കിയ ടൂറിസം പദ്ധതിയാണ്. ഇത് കൂടാതെ, സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ ടൂറിസം പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായും കെ.ടി.ഐ.എൽ പ്രവർത്തിച്ചു വരുന്നു. കേരള സീപ്ലെയിൻ പദ്ധതിയുടെ നോഡൽ ഏജൻസി കൂടിയാണ് കെ.ടി.ഐ.എൽ. |
| ബി) | കമ്പനി നാളിതുവരെ ടൂറിസം അടിസ്ഥാന സൗകര്യ വികസന രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ; | | |

| | | | |
|---|---|---|---|
| സി) | പ്രസ്തുത കമ്പനി നിലവിൽ നടത്തി വരുന്ന പദ്ധതികൾ ഏതൊക്കെ; കമ്പനി ലാഭത്തിലാണോ നഷ്ടത്തിലാണോയെന്ന വിശദാംശങ്ങൾ വെളിപ്പെടുത്താമോ: | സി) | കേരള സീപ്ലെയിൻ പദ്ധതി, കൊച്ചിയിലെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ് / വാട്ടർ ടാക്സി പദ്ധതി, ആക്കുളം എന്റർടെയിൻമെന്റ് കം ലീഷർ എൻക്ലേയിവ് പദ്ധതി, ശാന്തിഗിരിയിലെ ടെയ്ക്ക് എ ബ്രേയ്ക്ക് പദ്ധതി, കുമരകം ഡസ്റ്റിനേഷൻ വികസന പദ്ധതി എന്നിവയാണ് ഇപ്പോൾ നിർവ്വഹണം നടത്തി വരുന്ന പ്രധാന പദ്ധതികൾ.<br>കമ്പനി 1991-92 മുതൽ ഇതുവരെ ലാഭത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഓഡിറ്റ് ചെയ്യപ്പെട്ട കണക്കുകൾ പ്രകാരം 2012-13 വർഷത്തെ ലാഭം നികുതികൾക്ക് ശേഷം 1,43,22,604 രൂപയാണ്. |
| ഡി) | ഭാവിയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ? | ഡി) | നൂതന വിനോദ സഞ്ചാര ഉത്പന്നങ്ങൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ആദ്യമായി വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന വിഞ്ച് ഓപ്പറേറ്റഡ് ബീച്ച് പാരാസെയിലിംഗ്, കാരവൻ ടൂറിസം, ടെതേർഡ് ഹോട്ട് എയർ ബലൂൺ പദ്ധതി മുതലായവ അടക്കം കുമരകത്തേയ്ക്കുള്ള എക്സ്കർഷൻ ബോട്ട് സർവ്വീസ്, കെയ്ജ് ഫാമിംഗ് പദ്ധതി, മുസിരീസിലെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ് / വാട്ടർ ടാക്സി പദ്ധതി മുതലായവയാണ് ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ. |

സെക്ഷൻ ഓഫീസർ